

01-10-2021

FRIDAY

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -01/10/2021

1. കാർഷിക രംഗത്തെ സമഗ്ര പുരോഗതിക്കായി നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർധിപ്പിക്കുക, ഉയർന്ന ഉത്പാദനം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ കൂടി കൃഷിവകുപ്പ് നടപ്പാക്കുന്ന പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിൻ പ്രകാരം ഡ്രിപ്പ്, സ്പ്രിങ്ക്ളർ ഉടങ്ങിയ സൂക്ഷ്മ ജലസേചന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് കണ്ണൂർ ജില്ലയിൽ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അപേക്ഷകൾ ക്ഷണിച്ചു. ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതിച്ചെലവിന്റെ അനുവദനീയമായ തുകയുടെ 80 ശതമാനവും മറ്റു കർഷകർക്ക് പദ്ധതിച്ചെലവിന്റെ 70 ശതമാനവും നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ പകർപ്പ് ജില്ലയിലെ കൃഷിഭവനുകളിലും കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ഇനി പറയുന്ന ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ 9 3 8 3 4 7 7 2 0 5 0 / 9 3 8 3 4 7 2 0 5 1 / 9 3 8 3 4 7 2 0 5 2

2. തിരുവനന്തപുരം ജില്ലയിൽ വിവിധ ബ്ലോക്കുകളിലേയ്ക്ക് രാത്രികാല അത്യാവശ്യ സർവ്വീസ് നടത്തുന്നതിലേയ്ക്കായി ഇന്ന് (ഒക്ടോബർ 1-ന്) രാവിലെ 11 മണിക്ക് വെറ്ററിനറി സർജന്മാരുടെ ഇന്റർവ്യൂ ജില്ലാ മൃഗസംരക്ഷണ ഓഫീസ്, എസ്.എസ്.കോവിൽ റോഡ്, തമ്പാനൂരിൽ വച്ച് നടത്തുന്നു. ഇന്റർവ്യൂവിൽ പങ്കെടുക്കുന്നവർ ബയോഡേറ്റയും സർട്ടിഫിക്കറ്റിന്റെ ഒറിജിനലും ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2330736** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ പശു, എരുമ എന്നിവയ്ക്ക് ഒക്ടോബർ 5 മുതൽ 21 ദിവസം നീളുന്ന രണ്ടാംഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ്

യജ്ഞം നടത്തുന്നു. ഇതിലേക്ക് വാക്സിനേറ്റർ, സഹായികൾ എന്നിവരിൽ നിന്നും മൃഗസംരക്ഷണ വകുപ്പ് അപേക്ഷകൾ ക്ഷണിക്കുന്നു. സർവീസിൽ നിന്നും വിരമിച്ച ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാർ, ഫീൽഡ് ഓഫീസർമാർ, സർവ്വീസിലില്ലാത്തതും കേരള വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉള്ളതുമായ വെറ്ററിനറി ഡോക്ടർമാർ എന്നിവർക്ക് വാക്സിനേറ്ററായി അപേക്ഷിക്കാവുന്നതാണ്. മൃഗസംരക്ഷണ വകുപ്പിൽ നിന്നും വിരമിച്ച അറ്റൻഡർ, പാർട്ട് ടൈം സ്വീപ്പർ, 18 വയസ്സിനു മുകളിൽ പ്രായമുള്ള വി.എച്ച്.എസ്.സി പാസായവർ, കേരള വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കിയവർ, ആപ്തമിത്ര വോളന്റിയർമാർ ( കോട്ടയം ജില്ലയിൽ മാത്രം), സാമൂഹിക സന്നദ്ധ വോളന്റിയർമാർ എന്നിവർക്ക് സഹായികളായി അപേക്ഷിക്കാവുന്നതാണ്. 21 ദിവസ കാലയളവിലേക്ക് വാക്സിനേറ്റർമാർക്ക് പരമാവധി 15000 രൂപയും സഹായികൾക്ക് പരമാവധി 10000 രൂപയും ഹോണറേറിയം നൽകുന്നതാണ്. അപേക്ഷകർ വെള്ളക്കടലാസിൽ തയ്യാറാക്കിയ ബയോഡേറ്റ സഹിതം നേരിട്ട് **തങ്ങൾ താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻ കീഴിലുള്ള മൃഗാശുപത്രിയിലെ** ചീഫ് വെറ്ററിനറി ഓഫീസറുടേയോ സീനിയർ വെറ്ററിനറി ഓഫീസറുടേയോ വെറ്ററിനറി സർജന്റേയോ മുമ്പാകെ ഹാജരാകേണ്ടതാണ്. നാളെ (ഒക്ടോബർ 02-ന്) ഉച്ചയ്ക്ക് 12 മണി വരെ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. ആധാർ കാർഡിന്റെ കോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

**പരിശീലന പരിപാടികൾ**

4. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആര്യ പദ്ധതിയിൽ ഉൾപ്പെടുത്തി **കൂൺകൃഷി, ചെറു തേനീച്ച വളർത്തൽ, ഇന്ത്യൻ തേനീച്ച വളർത്തൽ, പഴം, പച്ചക്കറി, സുഗന്ധവ്യജ്ഞനങ്ങളുടെ സംസ്കരണവും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും, നഴ്സറി പരിപാലനം** മുതലായ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കണ്ണൂർ ജില്ലയിലെ 40 വയസ്സിനു താഴെയുള്ള കർഷകർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ **0460 –2226087, 8547675124** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രവുമായി ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ന് (01.10.2021) രാവിലെ 11 മണി മുതൽ **ഡയറി ഫാമുകളിലെ മാലിന്യ സംസ്കരണം** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9947775978** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. റബ്ബർബോർഡ് റബ്ബർകൃഷിയിൽ ഓൺലൈൻ പരിശീലനം നൽകുന്നു. **നൂതനനടീൽവസ്തുക്കൾ, നടീൽരീതികൾ, നടീൽവസ്തുക്കളുടെ നിർമാണം, തോട്ടംപരിപാലനം, ടാപ്പിങ്, റബ്ബർപാൽസംസ്കരണം** തുടങ്ങിയവയാണ് ഒക്ടോബർ 06 മുതൽ 08 വരെയുള്ള ത്രിദിനപരിശീലനപരിപാടിയിലെ വിഷയങ്ങൾ. എല്ലാ ദിവസവും രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്ട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടേണ്ടതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

7. ജാതിയിൽ **കായ്അഴുകൽ, ഇലപൊഴിച്ചിൽ** എന്നീ രോഗങ്ങൾ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി രണ്ടു കിലോ **ട്രൈക്കോഡെർമ,** 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻപിണ്ണാക്കുമായി കൂട്ടിക്കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ചവെച്ച മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. ഒരു മാസത്തിനു ശേഷം **സ്യൂഡോമോണാസ്** 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. അല്ലെങ്കിൽ ഒരു ശതമാനം വീര്യമുള്ള **ബോർഡോ മിശ്രിതം** കലക്കി തളിക്കുക. മണ്ണിലെ അമ്ലത്വം കുറയ്ക്കാനായി കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്.

8. റബ്ബറിന്റെ വെട്ടുപട്ടയിൽ **ഇൻഡോഫിൽ എം-45**, 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കുന്നത് റബ്ബറിൽ **കുമിൾ രോഗ**ത്തെ തടയാൻ സഹായിക്കും.

9. വാഴയിൽ **പനാമ വാട്ടരോഗം** വരാതിരിക്കാനുള്ള മുൻകരുതലുകൾ. നടുന്നതിനു മുൻപേ വാഴക്കന്നുകൾ **കാർബെണ്ടാസിം** ( രണ്ട് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) ലായനിയിൽ ഇരുപതു മിനിറ്റു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

നേരം മുക്കിവെക്കുക. വാഴത്തടത്തിൽ **സ്യൂഡോമോണാസ്** (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) ലായനി തയ്യാറാക്കിയ മണ്ണ് കുതിർക്കുക. രോഗം പ്രത്യക്ഷപ്പെട്ടാൽ രോഗം ബാധിച്ച വാഴകൾ പിഴുത് കളഞ്ഞു കുഴികളിൽ ഒരു കിലോഗ്രാം വീതം കുമ്മായം വിതറുക. പിഴുത വാഴകൾ തോട്ടത്തിൽ തന്നെ ഇടരുത്. ചുറ്റുമുള്ള വാഴകളുടെ തടത്തിൽ കാർബെണ്ടാസിം (2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) ലായനി തയ്യാറാക്കി മണ്ണ് കുതിർക്കുക. **പ്രൊപികൊണാസോൾ** (ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) ഇലകളിൽ തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം